(ഇ) ഈ സർക്കാർ വന്നശേഷം ഇത്തരത്തിൽ എത്ര ഏക്കർ മിച്ചഭൂമി/ സർക്കാർ ഭൂമി കോടതിയുടെ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്, ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ കണക്കനുസരിച്ച് 406539145 ഏക്കർ മിച്ചഭൂമിയും 987,74,349 ഏക്കർ സർക്കാർ ഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യടക്കി വച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സർക്കാർ ഭൂമി തിരിച്ചുപിടിക്കാൻ കെ.എൽ.സി. ആക്ട് 1958 പ്രകാരവും മിച്ചഭൂമി തിരിച്ചുപിടിക്കാൻ കേരള ഭൂപരിഷ്കരണ നിയമ പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവിധ ജില്ലകളിലായി 1072,92,734 ഏക്കർ ഭൂമി തിരിച്ചു പിടിച്ചു.

(ഡി) ഇത്തരം ഭൂമി സംബന്ധിച്ച് 619 കേസുകൾ വിവിധ കോടതികളിൽ നിലവിലുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി എതിർ സത്യവാങ്മൂലം കാലതാമസം കൂടാതെ ഫയൽ ചെയ്യുവരുന്നു. പ്രാധാന്യമേറിയ കേസുകളുടെ തീർപ്പാക്കലിനായി ഗവൺമെന്റ് പ്ലീഡർമാരുമായും അഡ്വക്കേറ്റ് ജനറലുമായും കൂടിയാലോചിച്ച് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഈ സർക്കാർ വന്നതിനുശേഷം എറണാകുളം ജില്ലയിൽ 60.90 ആർ (1.5 ഏക്കർ) പുറമ്പോക്ക് ഭൂമിയും കാസർഗോഡ് ജില്ലയിൽ 14 സെന്റ് ഭൂമിയും കോടതി ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ട്

29(7135) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ 31-3-2014-ലെ കണക്ക് പ്രകാരം എത്ര തുകയാണുള്ളത് ;

(ബി) 1-7-2011 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ ആർ.എം.എഫ്.-ലേയ്ക്ക് ഓരോ ജില്ലയിൽനിന്നും അടച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നദിയും നദീതീരങ്ങളും സംരക്ഷിക്കുന്നതിനായി ഈ തുക ഉപയോഗിച്ച് എത്ര പ്രോജക്ടുകൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കി ; ഓരോന്നിന്റെയും വിശദാംശം നൽകാമോ ;

(ഡി) ഭാരതപ്പുഴയെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് നാളിതുവരെ സ്വീകരിച്ചത്, വിശദാംശം നൽകാമോ ;

(ഇ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി നിശ്ചയിക്കപ്പെട്ട മാസ്റ്റർ പ്ലാനിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ; അതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകാമോ ?

ഉത്തരം

(എ - സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ RMF-ൽ നിന്ന് 6 പ്രവൃത്തികളും, ഒരു ചെക്ക് ഡാമും, MIRPA ഫണ്ടിൽ നിന്നും 3 ചെക്ക് ഡാമുകളും ഉണ്ട്. കൂടാതെ ഭാരതപ്പുഴയിലെ മണലെടുപ്പ് തടയുന്നതിനായി റവന്യൂ, പോലീസ് വകുപ്പുകൾ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മാസ്റ്റർ പ്ലാൻ ഒന്നും തയ്യാറാക്കിയിട്ടില്ല.

ലീഗൽ മെട്രോളജി വകുപ്പ് കോഴിക്കോട് ജില്ലയിൽ നടത്തിയ പരിശോധന

30(3142) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ലീഗൽ മെട്രോളജി വകുപ്പ് ആറു മാസത്തിനുള്ളിൽ എത്ര പരിശോധന നടത്തി; എത്ര കേസുകൾ എടുത്തു ; എത്ര ഫൈൻ ഈടാക്കി ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പാക്കിംഗ് ലൈസൻസ് എടുക്കാതെ ഉല്പന്നങ്ങൾ പാക്ക് ചെയ്ത് വിൽക്കുന്നതിനെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട് ; എന്തെല്ലാം നിയമ നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly